# PETALS
## of Malankara




**175490+**
Happy Members

**22345+**
Depositors

**66314+**
Loanees

Vol: 57 | Issue: september 2026

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | customercare@mmsccs.com | Toll-free: 1800 313 1223



boCHE

812 Km. Run Unique World Record & Guinness Record Holder : World Peace

Social Worker | Sportsman | Businessman | Motivator | Entertainer


## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence


Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Malankara Credit Society**



**Editorial Board**

Chief Editor
**Mr. Jisso Baby**
Chairman

Sub Editor
**Mrs.Mariyama Pious**
Vice Chairperson

**Vijay Sebastian**
**Printo C J**
**Arjun M Nair**
**Amalu P S**
**Sageesh C Gireesh**
**Visakh T S**

**Design & Layout**
**Adham Antony**


## GO GREEN INITIATIVE

***Our goal is to provide 1 crore tree saplings through the Go Green Initiative***

***Tree Saplings Distributed So Far* 23,256**

## മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 36-ാം ശാഖ




മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ 36-ാമത് CFC ഉദ്ഘാടനം പെരിന്തൽമണ്ണയിൽ മുനിസിപ്പാലിറ്റി പ്രതിപക്ഷ നേതാവ് ശ്രീ. രാഹുൽ വി നിർവ്വഹിക്കുന്നു. സൊസൈറ്റി ചെയർപേഴ്സൺ മറിയാമ്മ പയസ്, ചമയം വാപ്പു, മൻസൂർ നെച്ചിയിൽ, സലാം ഗൾഫോൺ സമീപം.

# MESSAGE



ജിസ്റ്റോ ബേബി

**ലോകത്തിലെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ജനങ്ങൾക്ക് ഒരു നന്മയെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുക**

പ്രിയപ്പെട്ട സൊസൈറ്റി അംഗങ്ങൾക്ക്,

നമ്മുടെ സ്ഥാപനത്തിന്റെ വളർച്ചയിലെ മറ്റൊരു നിർണ്ണായക നാഴികക്കല്ല് നിങ്ങളുമായി പങ്കുവെക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. നമ്മുടെ 36-ാമത് ശാഖ പെരിന്തൽമണ്ണയിൽ വിജയകരമായി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ പുതിയ സംരംഭം പെരിന്തൽമണ്ണയിലെ ജനങ്ങൾക്ക് കുറച്ചുകൂടി അടുത്തും വേഗത്തിലും മികച്ച സേവനങ്ങൾ എത്തിക്കാൻ നമ്മെ സഹായിക്കും.

പെരിന്തൽമണ്ണയിലെ പൊതുജനങ്ങളുടെയും വ്യാപാരികളുടെയും ആവശ്യങ്ങൾ മുൻനിർത്തി എല്ലാത്തരം നിക്ഷേപ ഉൽപ്പന്നങ്ങളും വായ്പ സേവനങ്ങളും ഈ പുതിയ ശാഖയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഏറ്റവും മികച്ചതും സുതാര്യവുമായ സേവനം നൽകുക എന്നതിനാണ് ഞങ്ങൾ മുൻഗണന നൽകുന്നത്. ഈ ആരംഭഘട്ടത്തിൽ പെരിന്തൽമണ്ണയിലെ ജനങ്ങളിൽ നിന്നും ബിസിനസ് സമൂഹത്തിൽ നിന്നും ലഭിച്ച പിന്തുണയ്ക്ക് ഞാൻ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സൊസൈറ്റിയുടെ സേവനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ശാഖകൾ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുകയാണ്. പരപ്പനങ്ങാടി, കോഴിക്കോട് (രാത്രിയും പകലും എല്ലാ ദിവസവും തുറന്നു പ്രവർത്തിക്കുന്ന ശാഖ), ബാംഗ്ലൂർ, കോയമ്പത്തൂർ തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ ഉടൻ തന്നെ നമ്മുടെ സാന്നിധ്യം ഉണ്ടാകും. കൂടുതൽ ജനങ്ങളിലേക്ക് വിശ്വസ്തമായ സേവനം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ വികസന പദ്ധതികൾ മുന്നോട്ട് പോകുന്നത്.

ഈ വളർച്ചയ്ക്ക് പിന്നിലെ പ്രധാന ശക്തി നമ്മുടെ അംഗങ്ങളുടെയും ഉപഭോക്താക്കളുടെയും അതിരറ്റ പിന്തുണയും വിശ്വാസവുമാണ്. ഇതുവരെ നിങ്ങൾ നൽകിയ സഹകരണത്തിന് നന്ദി പറയുന്നതോടൊപ്പം, വരും ദിവസങ്ങളിലും നമ്മുടെ പുതിയ പദ്ധതികൾക്കും വളർച്ചയ്ക്കും നിങ്ങളുടെ ഏവരുടെയും കൂടുതൽ പിന്തുണയും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,

ചെയർമാൻ

# FROM THE DESK OF CEO



Sivaprakash.P

## From Growth to Sustainable Growth

Dear Members,

Growth is an important part of every organisation's journey. But what truly matters is how we grow and the value we create along the way.

At Malankara, we are building an institution that is stronger, more customer-focused, and ready for the future. As we move ahead, our focus must be on turning business growth into lasting value for our members, employees, and stakeholders.

Sustainable growth comes from getting the fundamentals right. This means building quality business, lending responsibly, improving collections, managing risks carefully, and maintaining operational discipline. Every loan we sanction, every customer we serve, and every decision we make contributes to the future of Malankara.

Technology will continue to be an important part of this journey. Through digital transformation, simpler processes, and better customer service, we can make financial services more convenient and accessible while maintaining the governance and controls that protect our institution and its members.

Our growing gold loan business and other financial products offer exciting opportunities to reach more customers and strengthen our presence. At the same time, we must ensure that this expansion is supported by sound portfolio quality, efficient operations, and responsible business practices.

Sustainable growth is a responsibility we share. Every employee has a role in achieving our goals. Teamwork, accountability, customer focus, and a commitment to doing things well must guide our everyday actions. When we work together with a common purpose, we can achieve much more as one Malankara family.

As we enter the next phase of our journey, let us continue to aim high, execute with discipline, and honour the trust our members place in us.

Let us build an organisation that is not only growing today, but is stronger, more resilient, and better prepared for tomorrow.

***Together, let us turn growth into sustainable growth and build a stronger future for Malankara.***

Warm Regards,
**Sivaprakash.P**
**Dy CEO, Malankara Credit Society**

# എന്റെ യു പി എസ്,

2025 - 26,എന്റെ ജീവിതത്തിന്റെ മറ്റൊരു നാഴികക്കല്ലെന്നോ ബ്രിഹത്തായ ഒരേട് എന്നോ എനിക്കു വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു, കഴിഞ്ഞ ഒരു വർഷത്തെ ചുരുങ്ങിയ കാലയളവ് എന്നെ ബാല്യകാലത്തിന്റെ ഏഴു വർഷത്തിലേയ്ക്കാണ് കൂട്ടികൊണ്ടു പോയത്, ചുരുക്കത്തിൽ എന്റെ നാൽപതാം വയസ്സിൽ എന്റെ ഓർമ്മകൾ ഒന്നുകൂടി നാലാം വയസ്സിലേക്ക് എത്തി നോക്കി, പിന്നെയും ബാല്യകാലത്തിന്റെ 7 വർഷങ്ങൾ എനിക്കു മനോഹരമായി ഓർമയിൽ ആസ്വദിക്കാൻ കഴിഞ്ഞു.

2025 മെയ് മാസം 26നു താൽകാലിക ജീവനക്കാരിയായി Govt. UPS കുലശേഖരം സ്കൂളിന്റ ഓഫീസ് സ്റ്റാഫ് എന്ന തസ്തികയിലേയ്ക്ക് പ്രവേശിച്ചു, വട്ടിയൂർകാവിന്റ തിരക്കുകളിൽ നിന്നും മാറി ഗ്രാമീണ അന്തരീക്ഷമുള്ള ചെടികളും മരങ്ങളും ധാരാളം മുറ്റവും ഉള്ള അതിസുന്ദരമായ ആ സ്കൂളിന്റ ഭാഗമായി ഞാനും മാറി.

അന്ന് എന്റെ ഓർമയിൽ ആദ്യം കടന്നുവന്നത് വേൻകോട് UPS എന്ന എന്റെ പഠന കാലത്തെ സ്കൂളും സഹപാഠികളും അധ്യാപകരും ഒക്കെ ആയിരുന്നു, അച്ഛന്റെ കൈ പിടിച്ചു സ്കൂളിൽ പതിവായി പോയ എന്നെ തന്നെ ഞാനോർത്തു കുളിരുകോരി എന്നു പറയുന്നതാണ് ഉത്തമം, ധാരാളം കൂട്ടുകാർ ഉണ്ടായി, പ്രീയപെട്ട അധ്യാപകർ, പാചകപുരയിലെ ഞങ്ങളുടെ പ്രിയപ്പെട്ട അമ്മൂമ്മ അക്കമ്മ ചെറിയാൻ എന്നു ഞങ്ങൾ വിളിച്ചിരുന്ന ഞങ്ങളുടെ രാജമ്മക്കൻ എനിക്കു പ്രിയപെട്ടവരായിരുന്നല്ലോ എന്നു ഞാൻ ഓർത്തു, ജോലിയിൽ പ്രവേശിച്ച ശേഷം പുതിയ അനുഭവങ്ങൾക്കൊപ്പം ഓരോ നിമിഷവും പഴയകാല ഓർമ്മകൾ സമ്മാനിച്ചു കൊണ്ടിരുന്നു നമ്മുടെ ഇപ്പോഴത്തെ തലമുറയിലെ കുട്ടികുറുമ്പുകൾ

ഇന്ന് ഞാൻ എടുത്തു പറയേണ്ട ആളാണ്, അന്ന് അവിടെ ഉണ്ടായിരുന്ന ഓഫീസ് സ്റ്റാഫ് എന്നു ഞാൻ ഇപ്പോ തിരിച്ചറിയുന്ന ഒരു ബന്ധവും പരിചയവും ഒന്നും ഇല്ലാതിരുന്ന കറുത്തിരുണ്ട ആ വലിയ മനുഷ്യൻ, നോട്ടം പോലും ഞങ്ങൾ വളരെ ഭയന്നിരുന്നു, എന്നാൽ ഒരിക്കൽ പോലും തല്ലുകയോ ദേഷ്യപ്പെടുകയോ ഒന്നും ചെയ്തിട്ടില്ലെങ്കിലും ഞങ്ങൾക്ക് പേടി ആയിരുന്നു. പിന്നെ അദ്ദേഹത്തെ ഓർക്കുമ്പോൾ എന്റെ മനസ്സിലേക്ക് ആദ്യം വരുന്നതും ഇപ്പോ ഓർത്തു ചിരിച്ചു പോയതുമായ ഒരു ചെറിയ കാര്യം ഞാനിവിടെ കുറിക്കാം

ഓരോ ക്ലാസ്സ് കഴിയുമ്പോഴും ഒരു ബെൽ കൊടുക്കുന്ന പതിവ് ഉണ്ടല്ലോ, ഇന്ന് അതും ഒരു സ്വിച്ചിൽ അവസാനിക്കുന്നു, എങ്കിലും ഇടയ്ക്ക് പവർ കട്ട് ആകുമ്പോൾ ആ പഴയ ചുറ്റികയും എടുത്തു വട്ടത്തിൽ ഉള്ള ഇരുമ്പു തകിടിൽ ഒരടി ആഹാ എന്താ സുഖം, ആ സൗണ്ട് കേൾക്കാൻ, ഇനി ഞാൻ ചുറ്റികയെ ചുറ്റിപറ്റി എനിക്കു പറ്റിയ അമളി കൂടി പറയാം



പണ്ട് സ്കൂൾ ഗ്രൗണ്ടിന്റെ അങ്ങേ അറ്റത്തായി സാമാന്യം തരക്കേടില്ലാത്ത ഒരു ഒന്നാന്തരം ബദാം മരം ഉണ്ടായിരുന്നു, ഉച്ചയ്ക്ക് ഭക്ഷണം കഴിച്ചാൽ പിന്നെ എന്തെങ്കിലും ഒക്കെ ഗുലുമാലുകൾ ഒപ്പിക്കുക എന്നതാണ് നമ്മുടെ സ്ഥിരം പരിപാടി, അതിന്റെ ഭാഗമായി, നല്ലൊരു ബദാം കാ, ഞങ്ങളിങ്ങു പെറുക്കി എടുത്തു, ഒരു പ്രധാന സവിശേഷത അന്ന് ഞങ്ങൾക്ക് പുതിയ സ്കൂൾ കെട്ടിടം കിട്ടി, ഞങ്ങൾ പുതിയ കെട്ടിടത്തിലും ആയിരുന്നു പഠനം, താഴത്തെ നിലയുടെ ജനാലയുടെ ഭാഗത്തായി, ആ വലിയ മനുഷ്യൻ ബെൽ അടിക്കുവാനായി ചുറ്റിക വച്ചിരുന്നു സന്തോഷത്തോടെ ഞാൻ ആ ചുറ്റിക എടുത്തു ആ ജനലയുടെ ഭാഗത്തു തന്നെ വച്ചു ബദാം കാ തല്ലി പൊട്ടിച്ചു എല്ലാവർക്കും കൊടുത്തു കൊണ്ട് നിന്നപ്പോൾ ആ വലിയ മനുഷ്യൻ അതാ വരുന്നു, ചുറ്റിക അവിടെ വച്ചു ഞങ്ങൾ ഓടി, പിന്നെ ക്ലാസ്സ് റൂമിൽ വന്നു ആ മനുഷ്യൻ വിളിക്കുന്നു ഓഫീസ് റൂമിൽ എത്താൻ പറഞ്ഞപ്പോൾ പുതിയ കെട്ടിടത്തിന്റെ ജനാല അടിച്ചു പൊട്ടിച്ചതിനു പണിഷ്മെന്റിനാണു എന്നു ഞങ്ങൾ അറിഞ്ഞതെ ഉണ്ടായിരുന്നില്ല. സംഭവം ഏൽക്കാതെ മറ്റു മാർഗം ഇല്ല, ഈ വലിയ മനുഷ്യൻ കണ്ടതല്ലേ, പിന്നെ എന്തൊക്കെ ആയിരുന്നു, അടിയായി വീട്ടിൽ നിന്നും അമ്മയുടെ വരവായി അയ്യോ എന്തെല്ലാം, എങ്ങനെയോ അതാവസാനിച്ചു എന്നു വേണം പറയാൻ

അന്ന് നമുക്ക് എന്തിനെല്ലാം നല്ല അടികിട്ടുമായിരുന്നു, ക്ലാസിൽ വന്ന ഉടനെ ഓരോ അടി തന്നിട്ട് മാത്രം ക്ലാസ്സ് എടുത്തു തുടങ്ങുന്ന സാറിനെ കുറിച്ചും പറയാതെ വയ്യ, എന്നാൽ ഇന്ന് ഒരു വടി പോലും നമ്മുടെ അധ്യാപകർക്കു ഇല്ലെന്നു ഓർക്കുമ്പോൾ സങ്കടം തോന്നുന്നു, കുട്ടി കുറുമണികളുടെ ചട്ടമ്പിത്തരം അത്രമേലാണ്, കുലശേഹരത്തിന്റെ മറ്റൊരു പ്രത്യേകത ഇരട്ടകൾക്കു കൂടുതൽ തിരക്കാണെന്നു തോന്നുന്നു, അതുകൊണ്ട് തന്നെ പലപ്പോഴും അധ്യാപകരുടെ വീർപ്പുമുട്ടൽ കണ്ടു ഞാൻ അറിയാതെ ചിരിച്ചു പോയിട്ടുണ്ട്, കുരുത്തക്കേടിനു കൈയും കാലും വച്ചവന്മാരാണ് എന്നാലും ഇതാര് ചെയ്തു എന്നതിനു കൃത്യമായി ഒരു ഉത്തരം ഞങ്ങൾക്ക് ഇന്നുമില്ല, അവനാണ് അവനാണ് എന്നു പരസ്പരം പറയുമ്പോ, ധർമ്മസങ്കടത്തിൽ ആണ് നമ്മുടെ അധ്യാപകർ



RESMI
Trivandrum

ചുരുക്കി പറഞ്ഞില്ലെങ്കിൽ അവസാനിക്കാത്ത ധാരാളം സംഭവങ്ങൾ പറയാനുണ്ട് എങ്കിലും അവസാനിപ്പിക്കാതെ മാർഗ്ഗമില്ലലോ! എന്നാൽ ഒരിക്കൽ കൂടി എനിക്കു ആ കാലത്തിലേയ്ക്ക് പോകാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു
ഇവിടെ പല അധ്യാപകരും, എന്റെ കൂട്ടുകാരും ചിലർ എന്റെ വീട്ടിലെ തന്നെ ആരൊക്കെയോ ആയി മാറി, അധ്യാപകർ മാത്രം അല്ല മറ്റ് എല്ലാം നോൺ ടീച്ചിങ് സ്റ്റാഫും അമ്മയെ പോലെയും സഹോദരി ആയും മാറിയവരുണ്ട് , ഒരു പക്ഷെ എന്റെ പിറന്നാളും, വിവാഹവാർഷികവും ഒക്കെ ഞാൻ ഇവിടെ ആയിരിക്കണം അത്രമേൽ അടിച്ചു പൊളിച്ചത് സർപ്രൈസുകളുടെ വിരുന്നു കാലം എന്നു എനിക്കു പറയേണ്ടി വരും, സ്പോർട്സും കലോത്സവവും ആനുവൽഡേയും, ഓണപരിപാടിയും ക്രിസ്തുമസും ഒക്കെ ഞങ്ങൾ അടിച്ചു പൊളിച്ചു ആഘോഷിച്ചു, ഏറ്റവും വലിയ പ്രത്യേകത നമ്മുടെ സ്കൂളിൽ എല്ലാവരും ഒറ്റകെട്ടായിരുന്നു എല്ലാവരും ഒരേ തസ്തികയിൽ ആണെന്ന് തോന്നും, ഫുൾ സ്ത്രീ ആധിപത്യം സ്ഥാപിച്ച ഞങ്ങളുടെ സ്കൂളിൽ ആർക്കും പരസ്പരം വാശിയോ വൈരാഗ്യമോ ഒന്നും എനിക്കു അനുഭവപെട്ടിട്ടില്ല, സാധാരണ അങ്ങനെ അല്ലല്ലോ എന്നു ഞാൻ എടുത്തു പറയുന്നു
രക്ഷകർത്താക്കളുടെ സഹകരണവും എടുത്തു പറയേണ്ടിയിരിക്കുന്നു എന്റെ സ്വന്തം നാടാണ് വട്ടിയൂർകാവ് എങ്കിലും, ഇവിടെ ഞാനൊഴിച്ചു ആരും ഈ നാട്ടുകാർ അല്ല, എന്റെ സ്വന്തം നാട്ടിലെ ഈ ഗവണ്മെന്റ് സ്കൂളിനെ അങ്ങേ അറ്റം ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ അഹോരാത്രം പണിപ്പെടുന്ന എന്റെ പ്രിയപ്പെട്ടവനു നന്ദി, മറ്റുള്ള എന്റെ ഓരോ സഹപ്രവർത്തകർക്കും രക്ഷാകർതൃ പ്രതിനിധികൾക്കും, എല്ലാത്തിനും ഒപ്പം ഉണ്ടായിരുന്ന എനിക്കിവിടെ ഒരവസരം തന്ന സരിതചേച്ചി എന്നു ഞാൻ വിളിക്കുന്ന പ്രിയപ്പെട്ട കോൺസിലർ പത്മ ചേച്ചിക്കും ഞാൻ എന്റെ നന്ദിയോടൊപ്പം എല്ലാവിധആശംസകളും നേരുന്നു...... കുലശേഖരം ടീമിന് ആശംസകൾ.....

# വീട്ടുമുറ്റത്തെ കൂട്ടുകാർ

അന്ന് ശനിയാഴ്ച ആയിരുന്നതിനാൽ കുറച്ചു വൈകിയാണ് ഞാൻ ഉറങ്ങാൻ കിടന്നത്. പുലർന്നപ്പോൾ കുറച്ചുനേരമായി അമ്മ എന്നെ വിളിക്കുന്നു. രാത്രിയിൽ മഴ പെയ്തതിനാൽ നല്ല തണുപ്പുള്ള അന്തരീക്ഷമാണ്. അതുകൊണ്ടുതന്നെ പുതപ്പ് ഒന്നുകൂടി തലയിലൂടെ വലിച്ചിട്ട് വീണ്ടും കിടന്നു. പുറത്ത് മഴ പെയ്യുന്നുണ്ടോ എന്ന് ശ്രദ്ധിച്ചപ്പോൾ ആരോ സംസാരിക്കുന്നതുപോലെ തോന്നി.
പുതപ്പു മെല്ലെ വലിച്ചുതാഴ്ത്തി ആ സ്വരത്തിനായി കാതോർത്തു.
'എൻറെ പഴുത്ത മാങ്ങകൾ എല്ലാം മഴയത്ത് താഴെ വീണിരിക്കുന്നു. ഉണ്ണിക്കുട്ടൻ ഇന്ന് എഴുന്നേറ്റിട്ടില്ല. ഉണ്ടെങ്കിൽ അവൻ ഓടിവന്ന് എല്ലാം പെറുക്കിയെടുത്തേനെ.... മാങ്ങാക്കൊതിയൻ.'
വാൽസല്യത്തോടെയുള്ള ആ സ്വരം കേട്ട് ഞാൻ ഒന്ന് അന്ധാളിച്ചു. എൻറെ മുറ്റത്ത് നിൽക്കുന്ന മൂവാണ്ടൻ മാവിൻറെ സ്വരമല്ലേ അത്! മരങ്ങൾ സംസാരിക്കുമോ?
'എൻറെ വലിപ്പം കാരണം ഉണ്ണിക്കുട്ടൻറെ വീട്ടുകാർക്ക് വളരെ ബുദ്ധിമുട്ടാണത്രേ.... അവൻ എന്നെ വെട്ടിക്കളയാൻ ആലോചിക്കുന്നുണ്ട്.' ആഞ്ഞിലിമരത്തിൻറെ സങ്കടം.
'ഏയ്, അതു വെറുതെ പറഞ്ഞതാകും. വേനൽക്കാലത്ത് നീയുള്ളതുകൊണ്ട് നല്ല തണൽ ആണെന്ന് മുത്തശ്ശി പറയുന്നുണ്ടായിരുന്നല്ലോ...' മാവിൻറെ മറുപടി.
'എന്നെയും വെട്ടിക്കളയാൻ ഉള്ള പ്ലാനുണ്ടെന്ന് തോന്നുന്നു. എനിക്ക് ഇത്തവണ ചക്ക ഒന്നും കൊടുക്കാൻ പറ്റിയില്ല. അതാവും കാരണം.' പ്ലാവ് വിഷമത്തോടെ പറഞ്ഞു.
'അയ്യോ... നിന്നെ വെട്ടിക്കളഞ്ഞാൽ എനിക്കും എൻറെ കുഞ്ഞുങ്ങൾക്കും വീടില്ലാതാവില്ലേ...?' കുഞ്ഞിക്കിളി കരയാൻ തുടങ്ങി.
'വെറുതെ പറഞ്ഞതാവും. നിന്നെയും കുഞ്ഞുങ്ങളെയും അണ്ണാൻ കുഞ്ഞിനേയും ഉണ്ണിക്കുട്ടന് വളരെ ഇഷ്ടമാ. അതുകൊണ്ട് എന്നെ വെട്ടിക്കളയാൻ അവൻ സമ്മതിക്കില്ല.' പ്ലാവ് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു.
അച്ഛന് അങ്ങനെ ഒരു പ്ലാൻ ഉണ്ടായിരിക്കുമോ? ചോദിക്കണം. മരങ്ങളെക്കൊണ്ട് മനുഷ്യന് എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ട്.
'അതേ... നിങ്ങളെ ആരെയും ഞങ്ങൾ വെട്ടിക്കളയില്ല. നിങ്ങൾ ഞങ്ങൾക്ക് പ്രിയപ്പെട്ടവരാണ്. ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു.
'നീ ആരോടാ ഉണ്ണിക്കുട്ടാ ഉറക്കത്തിൽ സംസാരിക്കുന്നത്? സ്വപ്നം കണ്ടോ നീ?' അമ്മ എന്നെ തട്ടിവിളിച്ചു.
'ഏഹ്... അപ്പോ അത് സ്വപ്നമായിരുന്നോ....' ഞാനൊന്ന് ചമ്മി.
'അമ്മാ... നമുക്ക് മരങ്ങൾ ഒന്നും വെട്ടിനശിപ്പിക്കണ്ട. അച്ഛനോട് പറയണം. മരങ്ങളെക്കൊണ്ട് നമുക്കുള്ള പ്രയോജനങ്ങൾ ടീച്ചറും പഠിപ്പിച്ചിരുന്നു. 'മരം ഒരു വരം' ആണത്രേ.'
'ഇല്ല, വെട്ടുന്നില്ല. ഇനി നീ ഇതും പറഞ്ഞ് കരയേണ്ട.' അമ്മ എൻറെ മുടിയിഴകളിൽ തലോടി. ഞാൻ ഒരു ചിരിയോടെ പുറത്തേക്കു നോക്കി. മൂവാണ്ടൻ മാവ് സന്തോഷത്തോടെ തന്റെ ചില്ലകൾ ഒന്നു കുടഞ്ഞു. വെള്ളത്തുള്ളികൾ കിലുകിലെ ചിരിച്ചുകൊണ്ട് താഴേക്ക് തെറിച്ചുവീണു. അപ്പോൾ ഒരു കാറ്റിൻറെ അകമ്പടിയോടെ വന്ന മഴ വീണ്ടും തകർത്തു പെയ്തു തുടങ്ങിയിരുന്നു....





NIVIN JUSTIN
S/o Lisna
Thrissur

# ചെറുപയർ പരിപ്പ് പായസം





MARIYAMA PIOUS
Vice Chairperson

## ആവശ്യമുള്ള സാധനങ്ങൾ

ചെറുപയർ പരിപ്പ് – 1/2 കിലോഗ്രാം
ശർക്കര – 1 കിലോഗ്രാം
നാളികേരം (വലുത്) – 3 എണ്ണം
നെയ്യ് – 100 ഗ്രാം
അണ്ടിപ്പരിപ്പ് – 50 ഗ്രാം
ഉണക്കമുന്തിരി (കുരുവില്ലാത്തത്) – 50 ഗ്രാം
ഏലക്ക – 10 എണ്ണം
ഉപ്പ് – പാകത്തിന്

## തയ്യാറാക്കുന്ന വിധം

ചെറുപയർ പരിപ്പ് നന്നായി കഴുകി വൃത്തിയാക്കി വെള്ളം വാലാൻ വെക്കുക. അതിനുശേഷം നെയ്യൊഴിച്ച് പരിപ്പ് വറുക്കുക. നാളികേരം ചിരകി കുറച്ചു വെള്ളം ഒഴിച്ച് മിക്സിയിൽ അടിച്ചെടുത്ത് ഒന്നാം പാൽ മാറ്റിവെക്കുക. അതിനുശേഷം ഒന്നുകൂടി പിഴിഞ്ഞ് രണ്ടാം പാൽ എടുക്കുക. ശർക്കര ഉരുക്കി അരിച്ചു മാറ്റിവെക്കുക. വറുത്തുവെച്ച പരിപ്പ് കുക്കറിലിട്ട് രണ്ടാം പാൽ ചേർത്ത് നല്ലപോലെ വേവിക്കുക. അതിനുശേഷം വേറെ ഒരു നോൺസ്റ്റിക് പാത്രത്തിലേക്ക് മാറ്റി ശർക്കരപ്പാനി ഒഴിച്ച് യോജിപ്പിച്ച് നന്നായി വേവിക്കുക. ഒന്നു കുറുകിവരുമ്പോൾ ഒന്നാം പാൽ ചേർക്കുക. തിള വന്നതിനു ശേഷം അടുപ്പിൽ നിന്ന് മാറ്റിവെക്കുക. അതിനുശേഷം അണ്ടിപ്പരിപ്പും മുന്തിരിയും നെയ്യിൽ വറുത്തിടുക. ഏലക്ക പൊടിച്ചതും പാകത്തിന് ഉപ്പും ചേർത്ത് യോജിപ്പിക്കുക. പായസം തയ്യാർ.

# Congratulations
# ERNAKULAM



## Chairman's Ever Rolling Trophy
## Best Branch for the Month of August 2026

# വിവാഹ ആശംസകൾ





**Naveen & Rini**

Naveen - Deputy Manager, HR - Head Office

**Aswath & Nandana**

Nandana - Executive, Credits - Head Office

# ആശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി
തൃശൂർ ബ്രാഞ്ചിലെ
മെമ്പറായ ശ്രീമതി.അജിതകുമാരിയുടെ
മകന്റെ വിവാഹത്തിന്
സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി
തിരൂർ സിഎഫ്സിയിലെ
മെമ്പറായ ശ്രീമതി.സജിതയുടെ
മകളുടെ വിവാഹത്തിന്
സൊസൈറ്റിയുടെ മംഗളാശംസകൾ



മലങ്കര ക്രെഡിറ്റ് സൊസൈറ്റി
തൃശൂർ ബ്രാഞ്ചിലെ
മെമ്പറായ ശ്രീമതി.രാധികയുടെ
മകന്റെ വിവാഹത്തിന്
സൊസൈറ്റിയുടെ മംഗളാശംസകൾ





**PRAJUAL C S**
S/o Shine Thomas
Nadathara



**ISHANI PRAMOD**
D/o Lakshmi
Thalassery







**DEEPAK C P**
Chavakkad



**DAVID VARGHESE PREM**
S/o Prem Thomas varghese
Thiruvananthapuram







**ANANDHAPADMANABHAN TK**
S/o Kannan T P
Vaduthala





**NITHARA**
D/o Arun T
Thiruvananthapuram





**SANVIYA R S**
D/o Reshma
Thalassery





**SITHU FATHIMA.K.S**
D/o Saliha Siraj
Thrissur

# TOP PERFORMERS - BUSINESS CORRESPONDENT (BC) AUGUST 2026

## PERSONAL LOAN & LOAN AGAINST PROPERTY


1 SUMAN DEVIS


2 DINOOP


3 RAJKUMAR. S

## CAR LOAN


1 MANESH


2 NITHEESH


3 GOHUL P BIJU

## DEPOSIT PRODUCTS TOP PERFORMERS FOR AUGUST 2026 ASSIST TO MEMBER (AM)


1 THANKACHEN P P


2 ANOOP KUMAR A


3 SURESAN

## DEPOSIT PRODUCTS ACHIEVERS FOR AUGUST 2026 (MALANKARA STAFF)


1 **ABHILASH V**
SENIOR BRANCH MANAGER
ANGAMALY CFC


2 **SINGI P S**
BRANCH MANAGER
ERNAKULAM BRANCH


3 **ANJITHA B**
BRANCH MANAGER
BALARAMAPURAM CFC

## നിങ്ങൾക്കും സമ്മാനം നേടാൻ അവസരം

നിങ്ങളുടെ സാഹിത്യ അഭിരുചികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മലങ്കര ക്രെഡിറ്റ് സൊസൈറ്റി മാസം തോറും പ്രസിദ്ധീകരിക്കുന്ന ഇ മാഗസിൻ അവസരം ഒരുക്കുന്നു. നിങ്ങളുടെ കലാസൃഷ്ടികൾ 90725 97827 എന്ന നമ്പറിലേക്ക് നിങ്ങളുടെ മുഴുവൻ പേരും ഫോട്ടോയും സ്ഥലവും സഹിതം വാട്സാപ്പ് ചെയ്യൂ അല്ലെങ്കിൽ designer@mmsccs.com ലേക്ക് ഇമെയിൽ ചെയ്യൂ.മാഗസിനിൽ മാസം തോറും പ്രസിദ്ധീകരിക്കുന്ന മൂന്ന് കലാസൃഷ്ടികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നതായിരിക്കും.

**എല്ലാവർക്കും കലാസൃഷ്ടികൾ അയക്കാവുന്നതാണ്.**

### ഇമാഗസിൻ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച കൃതികളിൽ നിന്നും നറുക്കെടുപ്പിലൂടെ സമ്മാനർഹരായവർ


**AMEYA KRISHNA. K**
D/o Nithya.p
Ottapalam


**VAIDEHI**
D/o Gopika
Mundur


**ANANYA RAJ**
D/ O Sheeba S
Balaramapuram